34 (1780) റവന്യൂ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. ജോണി നെല്ലൂർ :: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളക്ടറേറ്റുകൾ സമ്പൂർണ്ണമായി കമ്പ്യൂട്ടറൈസ് ചെയ്യാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്തെ എത്ര താലൂക്കാഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്; എത്ര താലൂക്കാഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്യാനുണ്ട്; ഇവ എന്നത്തേക്ക് കമ്പ്യൂട്ടറൈസ് ചെയ്യാൻ സാധിക്കും; വിശദാംശം വെളിപ്പെടുത്തുമോ;

(സി) വില്ലേജാഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്യാൻ നടപടി സ്വീകരിക്കുമോ: എന്നത്തേയ്ക്ക് സംസ്ഥാനത്തെ വില്ലേജാഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ കളക്ടറേറ്റുകളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ 62 താലൂക്കാഫീസുകളിൽ കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുണ്ട്. താലൂക്കാഫീസുകളും അതാതു ജില്ലാ കളക്ടറേറ്റുകളും തമ്മിൽ ബന്ധപ്പെടുത്തുന്ന കമ്പ്യൂട്ടർശൃംഖല പൂർണ്ണമായിട്ടില്ല. ഇവ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തളിപ്പറമ്പ് താലൂക്കാഫീസിൽ കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടില്ല. ടി ഓഫീസ് വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നതാണ് കാരണം.

(സി) സംസ്ഥാനത്തെ 1453 വില്ലേജ് ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

35 (1786) ക്ഷേത്രഭൂമികൾക്കു നൽകേണ്ട ആനവിറ്റി

ശ്രീ. ഇ.എം. അഗസ്തി :

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നടപടികളുടെ ഭാഗമായി ഏറ്റെടുക്കുന്ന ക്ഷേത്രഭൂമികൾക്കു പ്രതിവർഷം നൽകേണ്ടതായി വരുന്ന ആനവിറ്റി എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇപ്പോൾ ഇതിൽ എന്തുതുക കുടിശ്ശികയായി ഉണ്ട്;

(സി) ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയത് ഏതു ക്ഷേത്രത്തിനാണ്;

(ഡി) ആ ക്ഷേത്രത്തിന് എന്തുതുക കുടിശ്ശിക ഇനത്തിൽ കൊടുക്കാനുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly